2. എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകളും ചേർന്ന് ക്രൈം മേഖലകളിൽ സംയുക്ത റെയ്ഡുകളും നടത്തുന്നതിന് നടപടികളും സ്വീകരിക്കുന്നതാണ്.

3. സ്ഥിരം അബ്കാരി കുറ്റക്കാർക്കെതിരെ സി.ആർ.പി.സി. സെക്ഷൻ 110 പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

4. അബ്കാരി കുറ്റകൃത്യങ്ങളും പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഉടൻ തന്നെ അറിയിക്കുന്നതിന് എല്ലാ എക്സൈസ് ഓഫീസുകളുടെയും ഫോൺ നമ്പരുകളും പ്രധാന പത്രങ്ങളിൽ പരസ്യപ്പെടുത്തുന്നതാണ്. കൂടാതെ വ്യാജമദ്യം ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണങ്ങളും ശക്തമായ റെയിഡുകളും നടത്തുന്നതിനും റബ്ബർഡ് ഏരിയകളിലും ചെക്പോസ്റ്റുകളിലും പോലീസ് പിക്കറ്റിംഗും നടത്തുന്നതിന്, പ്രത്യേക സ്ക്വാഡുകളും രൂപീകരിച്ച് രഹസ്യാന്വേഷണങ്ങളും നടത്തുന്നതിനും, വ്യാജമദ്യവിൽപ്പനക്കാരേയും മുൻ ശിക്ഷിതരേയും കേന്ദ്രീകരിച്ച് പ്രത്യേക അന്വേഷണം നടത്തുന്നതിനും ബാറുകളിൽ പരിശോധന നടത്തി സെക്കൻസ് കണ്ടെടുക്കുന്നതിനും വേണ്ട നടപടികളും പോലീസ് വകുപ്പു സ്വീകരിച്ചുവരുന്നുണ്ട്.

മദ്യനയം

46 [2655] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മദ്യനയം പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മദ്യനയത്തിന്റെ ഉള്ളടക്കം വിശദമാക്കുമോ?

ഉത്തരം

(എ) 2005-06-ലെ മദ്യനയം പുതുക്കുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

(ബി) 2004-05 വർഷത്തെ മദ്യനയവുമായി 2005-2006 വർഷത്തെ അബ്കാരി നയത്തിന് കാര്യമായ മാറ്റങ്ങളൊന്നും ഇല്ല. കള്ളുഷാപ്പുകളുടെ എണ്ണത്തിലും മാറ്റമില്ല. എന്നാൽ കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ് വാർഷിക വിറ്റുവരവ് 1 ലക്ഷത്തിനു മുകളിലുള്ളതും ഇരുപതോ അതിൽ കൂടുതലോ തെഴിലാളികളുള്ളവയുമായ ഷാപ്പുകൾക്ക് 15%വും മറ്റുള്ളവയ്ക്ക് 25%വും ലൈസൻസ് ഫീസ് ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ബാർ ഹോട്ടലുകളും അനുവദിക്കുന്ന സ്ഥലത്തെല്ലാം മൂന്നും അതിനു മുകളിലുള്ള സ്റ്റാർ ഹോട്ടലുകൾക്ക് ബിയർ പാർലർ ലൈസൻസ് അനുവദിക്കാം എന്നും പുതിയ നയത്തിൽ തീരുമാനിച്ചിട്ടുണ്ട്. കെ. ടി. ഡി. സി.-യുടെ അധീനതയിലുള്ള തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്രൈ ക്രോ ബ്രുവറി സ്ഥാപിക്കാൻ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബാർ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിലുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly